LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

നമ്പർ.401014/RPDC17/GENERAL/2023/11486/(1)

മുട്ടിൽ ഗ്രാമ പഞ്ചായത്ത് ആഫീസ്
മുട്ടിൽ നോർത്ത്
മുട്ടിൽ.പി.ഓ
വയനാട്
Phone No:04936202418
E-mail:muttilgp@gmail.com

തീയതി : 18/12/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹുമാനപ്പെട്ട ഇന്റേണൽ വിജിലൻസ് ഓഫിസർ,
എൽ.എസ്.ജി.ഡി, വയനാട്

സർ,

വിഷയം:- നിയന്ത്രണങ്ങളും അനുവാദങ്ങളും - വിവരശേഖരണം/കാലികമാക്കൽ,നിയന്ത്രണങ്ങളും അനുവാദങ്ങളും- നിയമങ്ങളും തൽസംബന്ധമായ അറിയിപ്പുകളും

മുട്ടിൽ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ മുട്ടിൽ നോർത്ത് വില്ലേജിലെ റീസർവേ് ബ്ലോക്ക് 15-ൽ 88/20 റീസർവേ് നമ്പറിൽപ്പെടുന്ന 0.0930 ഹെക്ടർ സ്ഥലത്ത് ശ്രീ.ഷംസുദ്ധീൻ, നാലകത്ത് വളപ്പിൽ ഹൌസ്, കമ്പളക്കാട് എന്നവരുടെ പേരിൽ 05/06/2020 തീയതി 2477/20 എന്ന നമ്പറായി ഈ ഓഫിസിൽ നിന്നും പെർമിറ്റ് അനുവദിച്ച നൽകിയിരുന്നു. ഗ്രൌണ്ട് ഫ്ലോറിൽ 172.25 ചതുരശ്രമീറ്ററും ഒന്നാം നിലയിൽ 99.16 ചതുരശ്രമീറ്ററും അടക്കം ആകെ 271.41 ചതുരശ്രമീറ്ററിലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായിരുന്ന പെർമിറ്റ് നൽകിയത്. എന്നാൽ പെർമിറ്റ് ലഭിച്ച ശേഷം ടി പ്ലോട്ടിൽ നിന്നും 7 സെൻറ് സ്ഥലം ഇദ്ദേഹം ഭാര്യയുടെ പേരിൽ ഇഷ്ടദാനം നൽകിയതായാണ് പരാതിയിൽ സൂചിപ്പിച്ചിരിക്കുന്നത്. കെ പി ബി ആർ 2019 ചട്ടം 19 (5) പ്രകാരം അംഗീകൃത പ്ലാനിൽ ഉൾപ്പെട്ട പ്ലോട്ടിന്റെ ഭാഗം മറ്റേതെങ്കിലും വ്യക്തിക്ക് കൈമാറുകയോ വിൽക്കുകയോ ചെയ്താൽ അനുവദിച്ച പെർമിറ്റ് അസാധുവാകുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഇദ്ദേഹത്തിന്റെ കൈവശത്തിലിപ്പോൾ ബാക്കിയുള്ള സ്ഥലത്ത് പുതിയ പെർമിറ്റിനായി ഇദ്ദേഹത്തിന് അപേക്ഷ നൽകാവുന്നതാണ് എന്നവിവരം അങ്ങയുടെ അറിവിലേക്കായി റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ,

സലീം പാഷ എസ് ഇ

സെക്രട്ടറി

Signature Not Verified

Digitally signed by SALEEM PASHA S E
Date: 2023.12.18 15:21:59 IST
Reason: ILGMS Govt. of kerala